# കാതോലിക്കേറ്റ് രത്നദീപം




**അഭിവന്ദ്യ ഗീവർഗീസ് മാർ പീലക്സിനോസ്**
**മെത്രാപ്പോലീത്താ (1897-1951)**

*"നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ;*
*അവരുടെ ജീവിതാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ"*

*– എബ്രായർ 13:7*

സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ
പുത്തൻകാവ്, ചെങ്ങന്നൂർ




# കാതോലിക്കേറ്റ് രത്നദീപം

CATHOLICATE RATNADEEPAM

**Published By :**
St.Mary's Orthodox Cathedral,
Puthencavu
Ph: 0479 2452831

**Design :**
Linas Graphix,
Chengannur
9249888990

**Printed at:**
S.T.Reddiar & Sons (EKM)
Ph: 0484 2360373

**Copies : 3000**

## എഡിറ്റോറിയൽ ബോർഡ്



ഫാ.ബിജു റ്റി മാത്യു
ചീഫ് എഡിറ്റർ



ഫാ.രാജൻ വർഗീസ്
വികാരി/ചെയർമാൻ



ഫാ.ജാൾസൺ.പി.ജോർജ്ജ്
സഹവികാരി



സുനിൽ.പി.ഉമ്മൻ
ജനറൽ.കൺവീനർ



കോശി ജോർജ്ജ്
ട്രസ്റ്റി



വർഗീസ് തോമസ്
സെക്രട്ടറി



ഡോ.ജിബിജോർജ്ജ്



ആൻസിൽ ഏബ്രഹാം



സ്റ്റീഫൻ ഐപ്പ്



മാത്യൂസ് ഏബ്രഹാം



ജിബു ജോർജ്ജ്


ഞാൻ തന്നെ പുനരുദ്ധാനവും ജീവനുമാകുന്നു.
എന്നിൽ വിശ്വസിക്കുന്നവൻ
ഒരു നാളും മരിക്കയില്ല



വിശുദ്ധ ദൈവമാതാവ്



ഭാരതത്തിന്റെ അപ്പോസ്തോലൻ
വിശുദ്ധ മാർതോമ്മാ ശ്ലീഹാ



വിശുദ്ധ ഗീവറുഗീസ് സഹദാ

# പരിശുദ്ധ പരുമല തിരുമേനി



1848 ജൂൺ 15-ാം തീയതി മുളന്തുരുത്തി എന്ന സ്ഥലത്തുള്ള ചാത്തുരുത്തി ഭവനത്തിൽ കൊച്ചുമത്തായിയുടെയും മറിയത്തിന്റെയും ഇളയ മകനായി ജനിച്ചു. പത്രോസ് തൃതിയൻ പാത്രീയർക്കിസ് ബാവാ 1876 ഡിസംബർ 10-ാം തീയതി വടക്കൻ പറവൂർ പള്ളിയിൽ വെച്ച് മാർ ഗ്രീഗോറിയോസ് എന്ന നാമത്തിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. 29 വയസ്സ് മാത്രമുണ്ടായിരുന്ന തിരുമേനി മലങ്കരയുടെ "കൊച്ചുതിരുമേനി" എന്നറിയപ്പെട്ടു. 1902 നവംബർ 2-ാം തീയതി കാലം ചെയ്തു. ജീവിതകാലത്തും കാലം ചെയ്തതിനുശേഷവും നിരവധി അത്ഭുത പ്രവർത്തനങ്ങൾ തിരുമേനിയുടെ നാമധേയത്തിൽ നടക്കുന്നു. 1947 നവംബർ 2-ാം തീയതി പരുമല മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ പരിശുദ്ധനായി പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ അദ്ധ്യക്ഷനായ മലങ്കര സഭാ സുന്നഹദോസ് പ്രഖ്യാപിച്ചു. പരുമല തിരുമേനിയുടെ നാമത്തിൽ ലോകമെമ്പാടും നിരവധി പള്ളികൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.



## വിശുദ്ധ അന്ത്രയോസ് ബാവ
### (പുത്തൻകാവിന്റെ കാവൽ പിതാവ്)

1678 – ൽ അന്ത്രയോസ് ബാവാ സിറിയായിൽ നിന്ന് കേരളത്തിലെത്തി.
കൊച്ചി, മുളന്തുരുത്തി, കുറവിലങ്ങാട്, മണർകാട് എന്നീ പള്ളികൾ സന്ദർശിച്ചശേഷം
പുത്തൻകാവിൽ എത്തിച്ചേർന്ന് സുവിശേഷ പ്രവർത്തനം നടത്തി.
പുത്തൻകാവിൽ നിന്ന് കൊല്ലം ജില്ലയിലെ കല്ലടയ്ക്ക് പോകുകയും
1692 മാർച്ച് 2 – ാം തീയതി കാലം ചെയ്യുകയും കല്ലട പള്ളിയിൽ കബറടക്കുകയും ചെയ്തു.
(വിശദമായ ചരിത്രം സുവിനീറിൽ ഉൾപ്പെടുത്തിട്ടുണ്ട്)



## വലിയ മാർ ദിവന്നാസിയോസ് (6-ാം മാർത്തോമ്മ)
## 1765 - 1808

43 വർഷം പുത്തൻകാവ് കേന്ദ്രമാക്കി മലങ്കര സഭയെ ഭരിച്ചു.
മനോഹരമായ, ചരിത്രപ്രസിദ്ധമായ പുത്തൻകാവ് പള്ളി പണി കഴിപ്പിച്ചു.
1808 ഏപ്രിൽ 8–ാം തീയതി കാലം ചെയ്തു. പുത്തൻകാവ് പള്ളിയുടെ മദ്ബഹായിൽ കബറടക്കി.
(വിശദമായ ചരിത്രം സുവനീറിൽ ഉൾപ്പെടുത്തിട്ടുണ്ട്)



## 8-ാം മാർത്തോമ്മ

മലങ്കര സഭയിൽ നിരവധി പുരോഗമന പ്രവർത്തനങ്ങൾ നടത്തിയ 8–ാം മാർത്തോമ്മ
1816 മീനം 12–ാം തീയതി നിരണത്ത് വെച്ച് കാലം ചെയ്തു.
പുത്തൻകാവ് പള്ളിയുടെ മദ്ബഹായിൽ കബറടക്കി.
(വിശദമായ ചരിത്രം സുവനീറിൽ ഉൾപ്പെടുത്തിട്ടുണ്ട്)



# പരിശുദ്ധ വട്ടശ്ശേരിൽ ദിവന്നാസിയോസ് മലങ്കര മെത്രാപ്പോലീത്ത

സഭാഭാസുരൻ വട്ടശ്ശേരിൽ ദിവന്നാസിയോസ് തിരുമേനി 1858 ഒക്ടോബർ 31–ാം തീയതി ജനിച്ചു. പുത്തൻകാവിൽ കൊച്ചുതിരുമേനി എന്ന രത്നദീപത്തെ കണ്ടെത്തിയ ദീർഘദർശി. മലങ്കര സഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി അവസാനനിമിഷം വരെ പോരാടി. അധികാര ഉടമ്പടി അബ്ദുള്ള പാത്രിയർക്കിസ് തിരുമേനിയോട് ആവശ്യപ്പെട്ടു. ഉടമ്പടി വ്യവസ്ഥ നൽകാത്തതിന് 1911 ജൂൺ 8–ാം തീയതി അബ്ദുള്ള പാത്രിയർക്കിസ് വട്ടശ്ശേരി തിരുമേനിയെ മുടക്കി. പാത്രിയർക്കിസിനെ പിന്തുണക്കുന്നവർ ബാവാ കക്ഷിയായും മലങ്കര മെത്രാപ്പോലീത്തായെ പിന്തുണക്കുന്നവർ മെത്രാൻ കക്ഷിയായും മലങ്കര സഭയിൽ അങ്ങനെ കക്ഷി വഴക്ക് ആരംഭിച്ചു.

പാത്രിയർക്കിസിന്റെ മുടക്കിന് ഒരു വിലയും നൽകാതെ മലങ്കരയിൽ ഓർത്തഡോക്സ് സഭയെ നിലനിർത്തുവാൻ ധീരമായി പ്രവർത്തിച്ചു.

മലങ്കര സഭയുടെ രണ്ടാമത്തെ പ്രഖ്യാപിത പരിശുദ്ധനായ വട്ടശ്ശേരിൽ തിരുമേനി 1934 ഫെബ്രുവരി 23 ന് കാലം ചെയ്തു. കോട്ടയം പഴയ സെമിനാരി ചാപ്പലിൽ കബറടക്കി.




## മലങ്കരയുടെ ഒന്നാം കാതോലിക്ക
## പരിശുദ്ധ ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാബാവ

കോലഞ്ചേരി  മുറിമറ്റം കുര്യന്റെയും മറിയാമ്മയുടെയും മകനായി 1836 ജനുവരി 19 – ന് ജനിച്ചു. 1852 – ൽ യുയാക്കിം മാർ കൂറിലോസ് വൈദീക പട്ടം നൽകി. 1877 മെയ് 17 – ന് പരിശുദ്ധ പത്രോസ് പാത്രിയാർക്കീസ് ബാവാ പൗലോസ് മാർ ഈവാനിയോസ് എന്ന പേരിൽ കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തയായി വാഴിച്ചു. 1912 സെപ്റ്റംബർ 15 – ാം തീയതി പരിശുദ്ധ അബ്ദേശ് മ്ശിഹാ പാത്രിയർക്കിസ് ബാവാ വട്ടശ്ശേരി ഗീവറുഗീസ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ സഹകരണത്തിൽ വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിൽ "കാതോലിക്ക'യായി വാഴിച്ചു. 1913 മെയ് 2 – ന് കാലം ചെയ്തു. പമ്പാക്കുട ചെറിയപള്ളിയിൽ കബറടക്കി. ഓർമ്മപെരുന്നാൾ മെയ് 3 – ാം തീയതി.



## മലങ്കരയുടെ രണ്ടാം കാതോലിക്ക
## പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാബാവ

1876–ൽ ജനിച്ചു. 1896 ഓഗസ്റ്റ് 16 വൈദീകനായി ഓഗസ്റ്റ് 23 കടവിൽ പൗലോസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്ത റമ്പാൻ പട്ടം നൽകി. തൃക്കുന്നത്ത് സെമിനാരി മാനേജരായി സേവനമനുഷ്ഠിച്ചു. 1913 ഫെബ്രുവരിയിൽ ഗീവറുഗീസ് മാർ പീലക്സിനോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. കോട്ടയം, അങ്കമാലി ഭദ്രാസനങ്ങളുടെ നെത്രാപ്പോലീത്തയായി പ്രവർത്തിച്ചു. നിരണം പള്ളിയിൽ വെച്ച് 1925 ഏപ്രിൽ 30–ന് 'കാതോലിക്ക'യായി പരിശുദ്ധ സുന്നഹദോസ് വാഴിച്ചു. പ്രാർത്ഥനയാലും ഉപവാസത്താലും ഉണ്ടായ വലിയ ആത്മീയ ശക്തിയുടെ പിൻബലത്തിൽ മലങ്കരസഭയെ നയിച്ചു. 1928 ഡിസംബർ 17–ന് കാലം ചെയ്തു. വള്ളിക്കാട്ട് ദയറായിൽ കബറടക്കി. ഓർമ്മപ്പെരുന്നാൾ ഡിസംബർ 19.



## മലങ്കരയുടെ മൂന്നാം കാതോലിക്ക
### പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതിയൻ കാതോലിക്കാബാവ

1874 ജൂൺ 16–ന് ജനിച്ചു. 1898 നവംബർ 27–ന് പരിശുദ്ധ ഗ്രീഗോറിയോസ് തിരുമേനി വൈദീകനാക്കി 1912 സെപ്റ്റംബർ 8–ാം തീയതി പരിശുദ്ധ അബ്ദേദ് മ്ശിഹാ പാത്രീയർക്കിസ് ബാവാ പരുമലയിൽ വെച്ച് ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. തുമ്പമൺ, കൊല്ലം , നിരണം തുടങ്ങിയ ഭദ്രാസനങ്ങൾ ഭരിച്ചു. 1929 ഫെബ്രുവരി 15–ാം തീയതി മലങ്കര മെത്രാപ്പോലീത്ത വട്ടശ്ശേരി ഗീവറുഗീസ് മാർ ദിവന്നാസ്യോസ് 'കാതോലിക്ക'യായി വാഴിച്ചു. 1934 ഡിസംബർ 24–ാം തീയതി എം. ഡി. സെമിനാരിയിൽ കൂടിയ മലങ്കര അസ്സോസിയേഷൻ അദ്ദേഹത്തെ മലങ്കര മെത്രാപ്പോലീത്തയായി തെരഞ്ഞെടുത്തു. 1958–ൽ സഭാ സമാധാനം കൈവരിക്കുവാനും യോജിച്ച സഭയുടെ 'കാതോലിക്ക'യായി ഭരണം നടത്തുവാനും അവസരം ലഭിച്ചു. 1947 നവംബർ 2–ന് ഗീവറുഗീസ് മാർഗ്രീഗോറിയോസിനെയും യൽദോ മാർ ബസേലിയോസിനെയും പരിശുദ്ധന്മാരായി പ്രഖ്യാപിച്ചു. പരിശുദ്ധ പിതാവിന്റെ കാലം മുതൽക്കാണ് മലങ്കര മെത്രാപ്പോലീത്ത സ്ഥാനവും കാതോലിക്ക സ്ഥാനവും ഒരു വ്യക്തിയിൽ തന്നെ അധിഷ്ഠിതമായത്. 1964– ജനുവരി 3–ന് കാലം ചെയ്തു. ദേവലോകം അരമന ചാപ്പലിൽ കബറടക്കി ഓർമ്മപെരുന്നാൾ ജനുവരി 3.



## മലങ്കരയുടെ നാലാം കാതോലിക്ക
## പരിശുദ്ധ ബസേലിയോസ് ഔഗേൻപ്രഥമൻ കാതോലിക്കാബാവ


1884 ജൂൺ 26–ന് ജനിച്ചു. ജെറുശലേമിൽ വെച്ച് 1927 മെയ് 15–ന് മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു. കണ്ടനാട് ഭദ്രാസനത്തിന്റെ നാലാമത്തെ മെത്രാപ്പോലീത്തയായി. ഓർത്തഡോക്സ് വൈദീക സെമിനാരിയുടെ പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചു. തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്തയായും പ്രവർത്തിച്ചു. 1962 മെയ് 17–ന് നിരണത്ത് കൂടിയ മലങ്കര അസ്സോസിയേഷൻ കാതോലിക്കയായി തെരഞ്ഞെടുക്കുകയും മെയ് 22–ന് കോട്ടയം എം.ഡി. സെമിനാരിയിൽ വെച്ച് കാതോലിക്കയായി വാഴിക്കുകയും ചെയ്തു. അനാരോഗ്യം മൂലം 1975 സെപ്റ്റംബർ 24–ന് സ്ഥാന ത്യാഗം ചെയ്തു. ഡിസംബർ 8–ാം തീയതി കാലം ചെയ്തു. ദേവലോകം അരമന ചാപ്പലിൽ കബറടക്കുകയും ചെയ്തു.



## മലങ്കരയുടെ അഞ്ചാം കാതോലിക്ക
## പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവ

1907 മാർച്ച് 27–ാം തീയതി ജനിച്ചു. കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂളിൽ പുത്തൻകാവ് കൊച്ചുതിരുമേനിയുടെ ശിഷ്യനായിരുന്നു. വൈദീക പഠനത്തിന് കൽക്കട്ട സെറാപൂർ കോളേജിൽ പോകുവാൻ തന്നെ പ്രേരിപ്പിച്ചത് പുത്തൻകാവിൽ കൊച്ചുതിരുമേനിയായിരുന്നുവെന്ന് പരിശുദ്ധ ബാവ പലപ്പോഴും അനുസ്മരിക്കാറുണ്ടായിരുന്നു. 1946 ഒക്ടോബർ 27–ന് വൈദീകനായി. 1959 ജൂലൈ 12–ന് മാത്യൂസ് മാർ അത്തനാസ്യോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു. ബാഹ്യകേരള ഭദ്രാസനത്തിന്റെ ചുമതല വഹിച്ചു. 1970–ഡിസംബർ 31–ന് കോട്ടയം എം.ഡി. സെമിനാരിയിൽ കൂടിയ അസോസിയേഷൻ കാതോലിക്കയുടെയും മലങ്കര മെത്രാപ്പോലീത്തയുടെയും പിൻഗാമിയായി തെരഞ്ഞെടുത്തു. 1975 ഒക്ടോബർ 27–ന് കാതോലിക്ക സ്ഥാനത്ത് വാഴിക്കപ്പെട്ടു. അനാരോഗ്യം മൂലം 1991 ഏപ്രിൽ 27–ന് സ്ഥാനത്യാഗം ചെയ്തു. പുത്തൻകാവ് പള്ളിയെ കത്തീഡ്രലായി ഉയർത്തിയത് പരിശുദ്ധ പിതാവാണ്. അനാരോഗ്യത്താൽ വിശ്രമിച്ചിരുന്ന കാലഘട്ടത്തിൽ പുത്തൻകാവ് പള്ളി സന്ദർശിക്കണമെന്ന ആഗ്രഹം പ്രകടിപ്പിക്കുകയും പുത്തൻകാവ് പള്ളി സന്ദർശിക്കുകയും ചെയ്തു. 1996 നവംബർ 8–ന് കാലം ചെയ്തു. ദേവലോകം അരമന ചാപ്പലിൽ കബറടക്കി.

# മലങ്കരയുടെ ആറാം കാതോലിക്ക
# പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് ദ്വിതിയൻ കാതോലിക്കാബാവ



1915 ജനുവരി 30–ന് ജനിച്ചു. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അരുമശിഷ്യൻ. 1953–മെയ് 15–ന് മെത്രാപ്പോലീത്ത സ്ഥാനം ഏറ്റു. കൊല്ലം ഭദ്രാസന മെത്രാപ്പോലീത്തയായി പ്രവർത്തിച്ചു. 1991 ഏപ്രിൽ 29–ന് പരുമലയിൽ വെച്ച് ആറാം കാതോലിക്കയായി വാഴിക്കപ്പെട്ടു. മലങ്കര മെത്രാപ്പോലീത്തയായിരുന്ന വട്ടശ്ശേരിൽ മാർ ദിവന്നാസിയോസിനെ പരിശുദ്ധനായി പ്രഖ്യാപിച്ചത് പരിശുദ്ധ ബാവായുടെ ഭരണ കാലഘട്ടത്തിലായിരുന്നു. മലങ്കര സഭയുടെ കാതോലിക്കയായി വാഴിക്കപ്പെടുന്നതിന്റെ തലേദിവസം പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ കബറിടത്തിൽ നിറകണ്ണുകളോടെ പരിശുദ്ധ പിതാവ് അനുഗ്രഹം തേടിയിരുന്നു. അമേരിക്കയിൽ ഹൃദയശസ്ത്രക്രിയക്ക് ശേഷം നാട്ടിൽ തിരിച്ചെത്തി മണിക്കൂറുകൾക്കുള്ളിൽ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ കബറിടം സന്ദർശിച്ച് ധൂപപ്രാർത്ഥന നടത്തിയും ഗുരുശിഷ്യ ബന്ധത്തിന്റെ തീവ്രത തെളിയിക്കുന്നതാണ്. അനാരോഗ്യം മൂലം 2005 ഒക്ടോബർ 29–ന് സ്ഥാനത്യാഗം ചെയ്തു. 2006 ജനുവരി 26–ന് കാലം ചെയ്ത ബാവാതിരുമേനിയെ ശാസ്താംകോട്ട മാർ ഏലീയ ചാപ്പലിൽ 28–ാം തീയതി കബറടക്കി.

# മലങ്കരയുടെ ഏഴാം കാതോലിക്ക
## പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ ദിദിമോസ് പ്രഥമൻ കാതോലിക്കാബാവ



1921 ഒക്ടോബർ 29 – നു മാവേലിക്കരയിൽ ജനിച്ചു. 18 – ാം വയസ്സിൽ തോമ്മാ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ശിഷ്യനായി പത്തനാപുരം മൗണ്ട് താബോർ ദയറായിൽ ചേർന്നു. 1950 ജനുവരി 25 – ന് വൈദീകനായി. 1966 ഓഗസ്റ്റ് 24 – ന് പരിശുദ്ധ ഔഗേൻ ബാവാ തോമസ് മാർ തിമോത്തിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്തു. മലബാർ ഭദ്രാസന സഹായ മെത്രാപ്പോലീത്തയായി. പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത 1968 ഫെബ്രുവരി 2 – ന് കാലം ചെയ്തതിനെ തുടർന്ന് മലബാർ ഭദ്രാസനാധിപനായി. പരുമല സെമിനാരിയിൽ 1992 സെപ്റ്റംബർ 10 – ന് കൂടിയ മലങ്കര അസോസ്സിയേഷൻ പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തയുടെയും പിൻഗാമിയായി തെരഞ്ഞെടുത്തു. 2005 ഒക്ടോബർ 31 കാതോലിക്കയായി പരുമല സെമിനാരിയിൽ വെച്ച് അഭിഷേകം ചെയ്തു. അനാരോഗ്യം മൂലം 2010 ഒക്ടോബർ 31 – ാം തീയതി സ്ഥാനത്യാഗം ചെയ്തു. 2014 മെയ് 26 – ാം തീയതി കാലം ചെയ്തു 28 – ാം തീയതി പത്തനാപുരം മൗണ്ട് താബോർ ദയറായിൽ കബറടക്കി. പുത്തൻകാവ് കത്തീഡ്രലിനെ മലങ്കരസഭയുടെ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചത് പരിശുദ്ധ പിതാവാണ്.